**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1812 — 18.06.2012 - ൽ മറുപടിക്ക്

**കൊടുവള്ളിയിലെ അശ്വതിയുടെ മരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | 26.02.2012 -ൽ കൊടുവള്ളി പോലീസ് സ്റ്റേഷൻ പരിധിയിലെ കൊടുവള്ളി ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനി അശ്വതിയുടെ മരണവുമായി ബന്ധപ്പെട്ട് പോലീസ് കേസ് എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്രസ്തുത വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് കൊടുവള്ളി പോലീസ് സ്റ്റേഷനിൽ Crime No. 64/2012 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | അശ്വതി കൊടുവള്ളി കമ്മ്യൂണിറ്റി ഹാളിലെ ഒരു യാത്രയയപ്പ് പരിപാടിയിൽ പങ്കെടുക്കുമ്പോഴുണ്ടായ പീഡനമാണ് മരണകാരണമെന്നും ഇത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് നാട്ടുകാർ ആക്ഷൻ കമ്മിറ്റി രൂപീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഏത് സംഘടനയാണ് കമ്മ്യൂണിറ്റി ഹാൾ ബുക്ക് ചെയ്തത് എന്ന് വ്യക്തമാക്കാമോ; | (സി) | എം.എസ്.എഫ്. എന്ന വിദ്യാർത്ഥി സംഘടന. |
| (ഡി) | സ്കൂൾ അധികാരികളുടെ അനുവാദമില്ലാതെ സ്കൂൾ വിദ്യാർത്ഥിനികളെ പങ്കെടുപ്പിച്ച് യാത്രയയപ്പ് പരിപാടി സംഘടിപ്പിച്ചതും വിദ്യാർത്ഥിനി മരിക്കാനിടയായതും സംബന്ധിച്ച അന്വേഷണം ക്രൈംബ്രാഞ്ചിന് വിടുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത കേസിൽ ഇതുവരെ നടന്ന അന്വേഷണത്തിൽ നിന്നും 26.02.2012 -ാം തീയതി കൊടുവള്ളി ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് 2 വിദ്യാർത്ഥികൾ കൊടുവള്ളി ഗ്രാമ പഞ്ചായത്ത് ഹാളിൽ ഒരു യാത്രയയപ്പ് (Send off) പാർട്ടി സംഘടിപ്പിച്ചിരുന്നു എന്നും ഇതിൽ മരണപ്പെട്ട അശ്വതി പങ്കെടുത്തിരുന്നു എന്നും വെളിവായിട്ടുള്ളതാണ്. തുടർ |

ന്നുള്ള അന്വേഷണത്തിൽ പ്രസ്തുത
ചടങ്ങിൽ അസ്വാഭാവികമായതൊന്നും
സംഭവിച്ചിട്ടില്ല എന്നും പാർട്ടി കഴിഞ്ഞ്
വീട്ടിൽ എത്തിയ അശ്വതി എന്തോ
മാനസിക വിഷമത്താൽ സ്വയം
കെട്ടിതൂങ്ങി മരണപ്പെട്ടതാണെന്നും
വ്യക്തമാകുന്നുണ്ട്. കേസിൽ ഇനിയും
കൂടുതൽ സാക്ഷികളെയും ചോദ്യം
ചെയ്യാനായിട്ടുണ്ട്. മരണപ്പെട്ട അശ്വതി
യുടെ പോസ്റ്റ്മാർട്ടം റിപ്പോർട്ട് ലഭി
ച്ചിട്ടുമില്ല. കൊടുവള്ളി പോലീസ് ടി
കേസിൻ മേൽ ഊർജ്ജിതമായ അന്വേ
ഷണം നടത്തി വരുന്നതിനാൽ കേസ്
ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാ
റേണ്ടതിന്റെ ആവശ്യം ഇപ്പോൾ
ഉദിക്കുന്നില്ല.

Josephith

സെക്ഷൻ ഓഫീസർ